# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*296** | **19.06.2019 ൽ മറുപടിയ്ക്ക്**

**കവുങ്ങ് കൃഷി സംരക്ഷണത്തിനായുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. ബാബു<br>ശ്രീ. എം. രാജഗോപാലൻ<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. സി.കൃഷ്ണൻ | | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ പ്രത്യേകിച്ച് വടക്കൻ ജില്ലകളിലെ പ്രധാന തോട്ടവിളയായിരുന്ന കവുങ്ങ് കൃഷിയുടെ വിസ്തൃതിയും അതിൽ നിന്നുള്ള ഉല്പാദനവും കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | കവുങ്ങ് കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | ബി) | ഉണ്ട്. ഉല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന ഫ്രൂട്ട് റോട്ട് (മഹാളി) എന്ന കുമിൾ രോഗം, രോഗ നിയന്ത്രണത്തിനായി സസ്യസംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനായി വേണ്ടി വരുന്ന ചെലവ്, നല്ലയിനം നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ്, കൃഷിച്ചെലവുകൾക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കാത്തത്, മൂല്യാധിഷ്ഠിത ഉല്പന്നങ്ങളുടെ കുറവ്, തൊഴിലാളികളുടെ ലഭ്യതക്കുറവ്, വിലയിലുണ്ടാകുന്ന വ്യത്യാസം തുടങ്ങിയവ കവുങ്ങ് കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ ആണ്. |
| സി) | കവുങ്ങ് കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും കൃഷി സംരക്ഷണത്തിനും പരിപാലനത്തിനുമായി ഈ സർക്കാർ പ്രത്യേകപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | സി) & ഡി) | 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ 'കവുങ്ങ് കൃഷിയ്ക്കുള്ള പ്രത്യേക പദ്ധതി' എന്ന പേരിൽ ഒരു പുതിയ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. 200 ലക്ഷം രൂപയാണ് ബഡ്ജറ്റ് വിഹിതമായി നീക്കിവച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയ്ക്ക് വിശദമായ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. |

ഡി) കവുങ്ങ് കൃഷിയുടെ ചെലവ് കുറയ്ക്കുന്നതിനും നല്ലയിനം നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനും മെച്ചപ്പെട്ട സാങ്കേതിക കൃഷിരീതികൾ അവലംബിക്കുന്നതിനും എന്തെല്ലാം നടപടികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കൃഷി വ്യാപനം, വിളപരിപാലനം, സസ്യസംരക്ഷണം എന്നീ ഘടകങ്ങൾക്ക് സാങ്കേതിക, സാമ്പത്തിക സഹായം നൽകുന്ന പ്രോജക്ടാണ് തയ്യാറാക്കുന്നത്. ഇതിൽ പുതു കൃഷി വ്യാപനത്തിനായി കർഷകർ മുഖേന നല്ലയിനം നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും, പ്രായാധിക്യമുള്ളതും രോഗബാധിതവുമായ കവുങ്ങുകൾ മുറിച്ചുമാറ്റി പകരം തൈകളുടെ നടീൽ, മഹാളി രോഗബാധയ്ക്കെതിരെ സസ്യസംരക്ഷണ നടപടികൾ, പി.എം.കെ.എസ്.വൈ പദ്ധതിയുമായി ബന്ധപ്പെടുത്തി ജലസേചന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് ധനസഹായം തുടങ്ങിയ ഘടകങ്ങളാണ് നടപ്പിലാക്കുവാനുദ്ദേശിക്കുന്നത്.

Mayap

**സെക്ഷൻ ഓഫീസർ**